പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3328 18.02.2013- ലെ മറുപടി

യു.എ.ഇ യിലെ അനധികൃത താമസക്കാർക്ക് പ്രഖ്യാപിക്കപ്പെട്ട പൊതുമാപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| യു.എ.ഇ യിലെ അനധികൃത താമസക്കാർക്ക് വളരെ ദുർഭലമായി മാത്രം ലഭിക്കുന്ന പൊതുമാപ്പിന്റെ ആനുകൂല്യം മുൻകാലങ്ങളിൽ പരമാവധിപ്രയോജനപ്പെടുത്താത്തതിന്റെ പ്രാധാന്യം മുൻനിർത്തി യു.എ.ഇയിലെ ഇന്ത്യൻ എംബസിയിൽ നിന്നും പ്രവാസികളുടെ വിവരങ്ങൾ ശേഖരിച്ച് അവിടത്തെ മലയാളി സംഘടനകളുമായി ചേർന്ന് ഫലപ്രദമായ എന്തു പ്രവർത്തനമാണ് കാഴ്ചവയ്ക്കുവാൻ കഴിഞ്ഞത്? | യു. എ. ഇ. യിൽ അനധികൃതമായി താമസിക്കുന്ന വിദേശികൾക്ക് നിയമപരമായി രാജ്യംവിടാൻ അവസരം നൽകുന്നതിനായി പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മലയാളികൾക്ക് എല്ലാതരത്തിലുള്ള സേവനങ്ങളും സഹായവും നൽകുന്നതിനായി യു. എ. ഇ. യിലെ ഇന്ത്യൻ അംബാസിഡർക്കും കേന്ദ്രവിദേശകാര്യമന്ത്രാലയം, കേന്ദ്ര പ്രവാസികാര്യമന്ത്രാലയം എന്നിവയ്ക്കും വിശദമായ അടിയന്തിര സന്ദേശങ്ങൾ അയച്ചിട്ടുണ്ട്. എമർജൻസി സർട്ടിഫിക്കറ്റിനു വേണ്ടിവരുന്ന ഫീസും മടക്കയാത്രക്ക് വേണ്ടിവരുന്ന വിമാനയാത്രാകൂലിയുടെ ഒരു ഭാഗവും സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്..ഇത് സംബന്ധിച്ച് യു. എ. ഇ. യിലെ ഇന്ത്യൻ എംബസിയുമായി ചർച്ചകൾ നടത്തുന്നതിനും പ്രവാസി മലയാളികളുടെ തിരിച്ചുവരവ് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നോർക്ക – റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിലേക്ക് അയച്ച് ചർച്ചകൾ നടത്തുകയുണ്ടായി.പൊതുമാപ്പ് പ്രകാരം തിരികെ വരുന്ന മലയാളികൾക്ക് സൗജന്യമായി വിമാനടിക്കറ്റ് ഇന്ത്യാഗവൺമെന്റ് , എയർ ഇന്ത്യ , പ്രമുഖ വ്യക്തികൾ , സ്ഥാപനങ്ങൾ , സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് സമാഹരിച്ച് ലഭ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ചെലവിന്റെ ഒരു ഭാഗം സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം കേന്ദ്രവിദേശകാര്യ മന്ത്രാലയം എന്നിവർക്ക് നിരന്തരം സന്ദേശങ്ങൾ അയച്ചിട്ടും പൊതുമാപ്പ് വഴിവരുന്ന പ്രവാസി മലയാളികളുടെ സ്ഥിതിവിവരക്കണക്ക് ലഭ്യമാക്കിയിട്ടില്ല. ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങൾ , പ്രമുഖ സംഘടനകൾ എന്നു തുടങ്ങി സാധ്യമായ എല്ലാ സ്രോതസുകളെയും സമീപിച്ച് പൊതുമാപ്പ് ലഭിച്ചുവരുന്ന അശരണരായ മലയാളികളുടെ സംപൂർണ്ണ വിവരം ശേഖരിക്കാനായി നോർക്ക - റൂട്ട്സ് ഡയറക്ടർ ബോർഡ് അംഗം ശ്രീ. ഇസ്മായിൽ റാവുത്തറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ